# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 5281** **27.07.2015-ലെ മറുപടിക്ക്**

## സ്റ്റാമ്പ് ഡ്യൂട്ടി അഡ്ജൂഡിക്കേറ്റ് ചെയ്യുന്നതിനുള്ള അധികാരം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ. ദാസൻ** | | **ശ്രീ. അനൂപ് ജേക്കബ്** (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | രജിസ്ട്രേഷൻ വകുപ്പിൽ സ്റ്റാമ്പ് ഡ്യൂട്ടി അഡ്ജ്യൂഡിക്കേറ്റ് ചെയ്യുന്നതിന് അധികാരമുള്ള തസ്തികകൾ ഏതൊക്കെയാണ് എന്ന് വ്യക്തമാക്കുമോ ; | (എ) | 1959 ലെ കേരള മുദ്രപ്പത്ര നിയമം വകുപ്പ് 31 പ്രകാരം അഡ്ജ്യൂഡിക്കേഷൻ (മുദ്രനിർണ്ണയം) അധികാരം സിദ്ധിച്ചിട്ടുള്ളത് ജില്ലാ രജിസ്ട്രാർമാർക്കാണ്. |
| (ബി) | 2014-2015 സാമ്പത്തിക വർഷം സംസ്ഥാനത്ത് രജിസ്ട്രേഷൻ വകുപ്പിന് ഈ ഇനത്തിൽ ലഭിച്ച ആകെ അപേക്ഷകളുടെയും ആയതിൽ തീർപ്പാക്കിയതിന്റെയും എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ ; | (ബി) | ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. |

| നം. | ജില്ല | ആകെ ലഭിച്ച അപേക്ഷകളുടെ എണ്ണം | തീർപ്പാക്കിയവ |
|---|---|---|---|
| 1 | തിരുവനന്തപുരം | 107 | 107 |
| 2 | കൊല്ലം | 40 | 40 |
| 3 | പത്തനംതിട്ട | 352 | 352 |
| 4 | ആലപ്പുഴ | 31 | 31 |

മറുപുറം....

| | | | |
|---|---|---|---|
| 5 | കോട്ടയം | 346 | 346 |
| 6 | ഇടുക്കി | 82 | 77 |
| 7 | എറണാകുളം | 947 | 943 |
| 8 | തൃശ്ശൂർ | 303 | 303 |
| 9 | പാലക്കാട് | 110 | 110 |
| 10 | മലപ്പുറം | 102 | 92 |
| 11 | കോഴിക്കോട് | 211 | 211 |
| 12 | വയനാട് | 63 | 63 |
| 13 | കണ്ണൂർ | 67 | 67 |
| 14 | കാസർഗോഡ് | 8 | 7 |
| | ആകെ | 2769 | 2749 |

| | | | |
|---|---|---|---|
| (സി) | വകുപ്പിന്റെ ആഭ്യന്തര ആഡിറ്റിങ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ഇത്തരം അപേക്ഷകൾ സ്വീകരിക്കുന്നതും ഉത്തരവുകൾ നൽകുന്നതും ചട്ടപ്രകാരമാണോയെന്ന വിശദീകരിക്കുമോ ; | (സി) | വകുപ്പിന്റെ ആഭ്യന്തര ആഡിറ്റിങ്ങും പരിശോധനകളും നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ഇത്തരം അപേക്ഷകൾ സ്വീകരിക്കുന്നതും ഉത്തരവുകൾ നൽകുന്നതും 1959-ലെ കേരള മുദ്രപ്പത്ര നിയമം വകുപ്പ് 31 പ്രകാരമുള്ള അധികാരം ഉപയോഗിച്ചായതിനാൽ പ്രസ്തുത നടപടി നിയമാനുസൃതമാണ്. |
| (ഡി) | സർക്കാർ നിശ്ചയിച്ച ന്യായ വില കുറച്ച് കാണിച്ചിട്ടുള്ള ആധാരങ്ങൾ അഡ്ജ്യൂഡിക്കേറ്റ് ചെയ്ത് നികുതി വെട്ടിപ്പ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | ഇത്തരം നികുതി വെട്ടിപ്പുകൾ തടയുന്നതിനായി ഉയർന്ന ഉദ്യോഗസ്ഥരുടെ പ്രത്യേകം സ്ക്വാഡുകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (ഇ) | ഉത്തരം (ഡി)യുടെ പശ്ചാത്തലത്തിൽ പ്രസക്തമല്ല. |

മറുപുറം....

| | | | |
|---|---|---|---|
| (എഫ്) | സംസ്ഥാനത്തെ ഏതൊക്കെ ജില്ലാ രജിസ്ട്രാർമാരുടെ പേരിൽ വകുപ്പുതല/വിജിലൻസ് നടപടികൾ നിലനിൽക്കുന്നുണ്ട്; വിശദവിവരം നല്കാമോ ? | (എഫ്) | കോഴിക്കോട് ജില്ലാ രജിസ്ട്രാർ (ഓഡിറ്റ്) (മുൻ വയനാട് ജില്ലാ രജിസ്ട്രാർ) ശ്രീ.കെ.ശ്രീനിവാസനെതിരെ വിജിലൻസ് നടപടികൾ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ